**കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)**
**വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി ഉത്തരവ്**

**ഹാജർ : കെ. അൻവർ സാദത്ത്, വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

**കൈറ്റ് – ഓഫീസ് വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തുന്ന കാര്യം ഉറപ്പുവരുത്തുന്നതിനുള്ള നിരീക്ഷണ സംവിധാനം – ഓഫീസ് തല ഇന്റേണൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.**

---

**ഉത്തരവ് നമ്പർ. കൈറ്റ്/2018/1211(1) തീയതി 27.02.2018**

---

വായന : 1. 05.02.2018 ലെ സ.ഉ.(കൈ) നം.3/2018/ഉ.ഭ.പ.വ.

2. 20.02.2018 ലെ സർക്കാർ കത്ത് നം.ജി3/98/2018/പൊ.വി.വ.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ വകുപ്പുകളും ഓഫീസുകളും പൊതുജന താൽപര്യാർത്ഥം വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തുന്ന കാര്യം ഉറപ്പുവരുത്തുന്നതിനുള്ള നിരീക്ഷണ സംവിധാനം എന്ന നിലയിൽ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരിക്കുന്നു. പ്രസ്തുത നിരീക്ഷണ സംവിധാനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(i) വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച് വകുപ്പുകൾ സ്വീകരിച്ചുവരുന്ന പ്രവർത്തന പുരോഗതി ക്രമമായി അവലോകനം ചെയ്യുക.

(ii) വെളിപ്പെടുത്തുന്ന വിവരങ്ങളുടെ സ്വഭാവം അനുസരിച്ച് അവ ഏത് രീതിയിൽ നൽകണം, ഏത് ആണ് ഗുണഭോക്താക്കൾക്ക് ഏറെ ഗുണപ്രദമാകുന്നത് എന്ന് കണ്ടെത്തുന്നതിലേക്കായി വിവിധ വകുപ്പുകളും ഗുണഭോക്താക്കളും തമ്മിൽ നിരന്തരം ആശയവിനിമയം നടത്തുക.

(iii) മേൽ വിഷയത്തിൽ സഹായം ആവശ്യമുള്ളപക്ഷം അതിന് വേണ്ട പരിശീലനം നൽകുക.

(iv) വിവരങ്ങൾ വെളിപ്പെടുത്താനുള്ള ഉദ്യമം പരസ്യപ്പെടുത്തുക വഴി പരമാവധി ആൾക്കാർക്ക് പ്രയോജനം ലഭിക്കുക.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഓഫീസ് തലവൻ അധ്യക്ഷനായ ഒരു ഇന്റേണൽ കമ്മിറ്റി രൂപീകരിക്കണമെന്നും സർക്കാർ ഉത്തരവിൽ നിർദേശിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ചിരിക്കുന്ന ലക്ഷ്യം കൈവരിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഇന്റേണൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു :

| | | |
|---|---|---|
| ചെയർമാൻ | – | വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് |
| അംഗങ്ങൾ | – | ഹെഡ് (എഡ്യൂസാറ്റ്) |
| | | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കൈറ്റ് |
| | | അക്കാദമിക് ഓഫീസർ, കൈറ്റ് |
| | | പ്രോജക്ട് മാനേജർ, കൈറ്റ് |

**വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

**ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന അംഗങ്ങൾ**

**സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)**